**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1277** **07-02-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ കോരൻ കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട്, പിറവം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും മൂവാറ്റുപുഴയാറിന് കുറുകെ നിർമ്മിക്കുന്നതുമായ കോരൻകടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കുന്നത്തുനാട് പിറവം നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂവാറ്റുപുഴയാറിന് കുറുകെ നിർമ്മിക്കുന്ന കോരൻകടവ് പാലത്തിന്റെ നിർമ്മാണം പെയിന്റിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തികരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | നിലം പരിവർത്തനാനുമതി ലഭിച്ച മൂന്ന് നിലങ്ങളുടെ (8.95 ആർ) സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗതിയിലാണ്. ആയതിനാൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (സി) | പാലത്തിലേക്കുള്ള അപ്രോച്ച് റോഡിനായുള്ള സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ; | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |
| (ഡി) | അപ്രോച്ച് റോഡിന്റെ സ്ഥലമേറ്റെടുപ്പിനായി അധിക തുക അനുവദിക്കണമെന്ന പ്രൊപ്പോസൽ (ഫയൽ നം. പി.ഡബ്ളിയൂ.ഡി-ഡി1/463/2022-പി.ഡബ്ളിയൂ.ഡി) പ്രകാരം ഭരണാനുമതി പുതുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | 8.5 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടുള്ള പ്രൊപ്പോസലിൽ വ്യക്തത വരുത്തുന്നതിന് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമായാൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ